

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



# 6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?

# സമ്പൂർണ്ണകൃതികൾ: ഭാഗം X

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


6 സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ? . . . . . 1

1 വേറെയും ചില തത്വങ്ങൾ . . . . . . 2

2 ചൈനീസ് നേതാക്കളുടെ അഭിപ്രായം 3

3 അനുഭവങ്ങൾ . . . . . . . . . . . . . 4

4 ആക്രമണത്തിന്റെ അടിയന്തിരകാരണം 5

# 6

# സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?

“ചൈന ഒരു സോഷ്യലിസ്റ്റ് രാജ്യമാണ്. സോഷ്യലിസ്റ്റ് രാജ്യത്തിന് യുദ്ധമാവശ്യമില്ല. ഇന്ത്യയാകട്ടെ, ഒരു മുതലാളിത്തരാജ്യമാണ്. ഇന്ത്യയിലെ ബൂർഷ്വാഭരണാധികാരികൾ വികസനപ്രിയരാണ്. തകർന്നുകഴിഞ്ഞ സാമ്പത്തിക വ്യവസ്ഥയിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധയെ മറ്റൊരിടത്തേക്കു തിരിച്ചുവിടാനും വളർന്നുവരുന്ന ബഹുജനപ്രക്ഷോഭങ്ങളേയും അവയ്ക്കു നേതൃത്വം നൽകുന്ന കമ്മ്യൂണിസ്റ്റുകാരേയും അടിച്ചമർത്താനും അമേരിക്കൻ സാമ്രാജ്യവാദികളുടെ സഹായം നേടാനുംവേണ്ടി ഇന്ത്യൻ ഭരണാധികാരികൾ അയൽരാജ്യങ്ങളെ വെട്ടിപ്പിടിക്കാൻ നോക്കുന്നു. അതുകൊണ്ട് ചൈന ഇന്ത്യയെയല്ല, ഇന്ത്യ ചൈനയേയാണ് ആക്രമിച്ചത്.... ചൈനീസുനേതാക്കന്മാരുടെ ഇത്തരം പ്രചാരവേലകൾ ഒട്ടനവധി കമ്മ്യൂണിസ്റ്റുകാരേയും മറ്റു പുരോഗമനവാദികളേയും അന്ധാളിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരെ മാത്രമല്ല മറ്റുരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകാരേയും.

സോഷ്യലിസ്റ്റ് രാജ്യത്തിന് യുദ്ധമാവശ്യമില്ല. ആവശ്യമുള്ളത് സാമ്രാജ്യത്വത്തിനാണ്. ഇത് ഒരു മാർക്സിസ്റ്റ് തത്വമത്രേ. പക്ഷേ ഇതുപോലെ മറ്റുചില മാർക്സിസ്റ്റ് തത്വങ്ങളുണ്ട്.

# 1 വേറെയും ചില തത്വങ്ങൾ

യുദ്ധം അനിവാര്യമല്ല;

സാമ്രാജ്യത്വം സാർവ്വദേശീയമായി അധഃപതിക്കുകയും സോഷ്യലിസം ഒരു നിർണ്ണായകശക്തിയായിത്തീരുകയും ചെയ്തു കഴിഞ്ഞിട്ടുള്ള ഒരു കാലഘട്ടത്തിൽ, സാമ്രാജ്യത്വം നിലനിൽക്കെത്തന്നെ, യുദ്ധങ്ങളെ ഒഴിവാക്കാൻ കഴിയും;

സോഷ്യലിസം കെട്ടിപ്പടുക്കാൻ സമാധാനമാവശ്യമാണ്.; സോഷ്യലിസ്റ്റ് രാജ്യങ്ങൾ സമാധാനപരമായ സഹവർത്തിത്വത്തിൽ വിശ്വസിക്കുന്നു;

സായുധലഹളകൾ കൂടാതെതന്നെ സമാധാനപരമായി സോഷ്യലിസ്റ്റ് വിപ്ലവം …

സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന ജനതകളും പുതുതായി സ്വാതന്ത്ര്യംനേടിയ രാജ്യങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സുഹൃത്തുക്കളാണ്.

ചേരിചേരാനയം സാമ്രാജ്യത്വത്തേയല്ല, ലോകസമാധാനത്തേയും പുരോഗതിയേയുമാണ് സഹായിക്കുന്നത്;

റിവിഷണിസമെന്നപോലെ തന്നെ ഡോഗ്മാറ്റിസവും സെക്റ്റേരിയനിസവും മാർക്സിസത്തിനെതിരാണ്.

ഇങ്ങനെ പല മാർക്സിസ്റ്റ് തത്വങ്ങളുമുണ്ട്. തത്വങ്ങളിലേതിലെങ്കിലും ചൈന വിശ്വസിക്കുന്നുണ്ടോ? ഇല്ലെന്ന് ലോകത്തിലെ മിക്ക കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും ബോധ്യമായിക്കഴിഞ്ഞിട്ടുണ്ട്. ചൈനയുടെ നയം മാർക്സിസത്തിനെതിരാണെന്ന് മിക്ക കമ്മ്യൂണിസ്റ്റു പാർട്ടികളും പരസ്യമായി പ്രസ്താവിക്കാൻ തുടങ്ങിയിട്ടുമുണ്ട്.

## 2 ചൈനീസ് നേതാക്കളുടെ അഭിപ്രായം

ചൈനയിലെ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ അഭിപ്രായത്തിൽ സമാധാനപരമായ സഹവർത്തിത്വം ‘സാമ്രാജ്യത്വത്തിനെതിരായ സമരത്തെ ഉപേക്ഷിക്കലാണ്, സമാധാനം നിലനിർത്താൻവേണ്ടിയുള്ള കൂടിയാലോചനകൾ ‘സാമ്രാജ്യത്വത്തിനു കീഴടങ്ങലാണ്’; കരീബിയൻ കടലിലെ പ്രതിസന്ധിഘട്ടത്തിൽ പുതിയൊരു ലോകമഹായുദ്ധത്തെ തടയാനും ക്യൂബയുടെ സ്വാതന്ത്ര്യം കാത്തുരക്ഷിക്കാനുംവേണ്ടി സോവിയറ്റ് യൂണിയൻ അമേരിക്കയുമായി നടത്തിയ കൂടിയാലോചനകൾ ‘സാമ്രാജ്യത്വവാദികളെ പ്രീണിപ്പിക്കാൻവേണ്ടി മറ്റൊരു രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ ബലികൊടുക്കലായിരുന്നു; അണവായുധയുദ്ധത്തെ ഭയപ്പെട്ട് യുദ്ധം തടയാൻ ശ്രമിക്കുന്നവർ ഭീരുക്കളാണ്; സമാധാനത്തിന്റെ പേരിൽ ഇവർ സ്വാതന്ത്ര്യസമരങ്ങളെ വഞ്ചിക്കുകയും വർഗ്ഗസമരസിദ്ധാന്തത്തെ നിഷേധിച്ചുകൊണ്ട് മുതലാളിത്തത്തിന്റെ മുമ്പിൽ മുട്ടുമടക്കുകയും ചെയ്യുന്നു. സമാധാനപരമായ മാർഗത്തിലൂടെ സോഷ്യലിസം സ്ഥാപിക്കുക സാധ്യമല്ല; ഇന്ത്യയുടെ ചേരിചേരാനയവും നിഷ്പക്ഷതയും വെറും ഭോഷ്കാണ്; പ്രധാനമന്ത്രി നെഹ്റു വൻകിടജന്മികളുടെയും പിന്തിരിപ്പൻ മുതലാളികളുടേയും പ്രതിനിധിയും സാമ്രാജ്യവാദികളുടെ ഏജൻറുമാണ്. ഈ അഭിപ്രായങ്ങളോടു യോജിക്കാത്ത സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും മറ്റു കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയെല്ലാം റിവിഷനിസത്തിന്റെ ചെളിക്കുണ്ടിൽ കിടക്കുന്ന പാർട്ടികളാണ്! ചുരുക്കിപ്പറഞ്ഞാൽ ഇന്ന് മാർക്സിസം-ലെനിനിസത്തിന്റെ പരിശുദ്ധമായ കൊടിക്കൂറയുയർത്തിപ്പിടിക്കുന്നത് തങ്ങൾ മാത്രമാണെന്നും, തങ്ങളും തങ്ങളുടെ കൂട്ടുകാരായ അൽബേനിയൻ കമ്മ്യൂണിസ്റ്റ് നേതാക്കളുമൊഴിച്ച് ലോകത്തിലുള്ള മറ്റെല്ലാ കമ്യൂണിസ്റ്റ് പാർട്ടികളും മാർക്സിസം-ലെനിനിസത്തിനെതിരായി കഴിഞ്ഞിരിക്കുന്നുവെന്നുമാണ് ചൈനീസ് നേതാക്കന്മാർ വാദിക്കുന്നത്.

ചൈനയുടെ ഈ വാദങ്ങളെല്ലാം അസംബന്ധങ്ങളാണെന്നും അവയ്ക്കു മാർക്സിസം-ലെനിനിസവുമായി വിദൂരബന്ധംപോലുമില്ലെന്നും ലോകത്തിലെ മിക്ക കമ്യൂണിസ്റ്റ് പാർട്ടികളും പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നിട്ടും, ഒരു സംശയം ബാക്കി നിൽക്കുന്നു. ഒരു സോഷ്യലിസ്റ്റ് രാജ്യം മറ്റൊരു രാജ്യത്തെ പ്രത്യേകിച്ചും സമാധാനത്തിൽ വിശ്വസിക്കയും സാമ്രാജ്യത്വത്തെ എതിർക്കുകയും ചെയ്യുന്ന ഒരു രാജ്യത്തെ ആക്രമിച്ചു എന്ന് എങ്ങിനെ വിശ്വസിക്കാൻ കഴിയും?

ഇന്ത്യ സോഷ്യലിസ്റ്റ് ചേരിയിലെ ഒരംഗമല്ലെങ്കിലും സാമ്രാജ്യത്വച്ചേരിയിൽ ചേരാൻ കൂട്ടാക്കാത്ത ഒരു രാജ്യമാണെന്നും സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനുള്ള ഇന്ത്യയുടെ പരിശ്രമങ്ങൾ ഫലത്തിൽ സാമ്രാജ്യത്വത്തിന്റെ താൽപര്യങ്ങൾക്കെതിരാണെന്നും സാമ്പത്തിക വികസനപരിപാടികൾ നടപ്പിൽ വരുത്തുന്നതിന് സമാധാനം അത്യാവശ്യമാണെന്നും ഇന്ത്യയിലെ ഇന്നത്തെ ഭരണാധികാരികൾ മനസിലാക്കിയിട്ടുണ്ടെന്നും ഇത്തരം കാര്യങ്ങൾക്ക് വലിയ സംഭാവനകൾ നൽകാൻ ഇന്ത്യയ്ക്കു കഴിഞ്ഞിട്ടുണ്ടെന്നും മറ്റും എല്ലാവരും സമ്മതിക്കുന്നുണ്ട്. എങ്കിലും സംശയം തീരുന്നില്ല; സോഷ്യലിസ്റ്റ് രാജ്യത്തിന് യുദ്ധമാവശ്യമില്ല എന്ന മാർക്സിസ്റ്റ് തത്വത്തെ നിഷേധിക്കുന്നതു ശരിയാണോ? സോഷ്യലിസ്റ്റ് ചൈനയെ അക്രമി എന്നു വിളിക്കാൻ പാടുണ്ടോ?

ഒരു ഭാഗത്ത് യുദ്ധത്തെ വെറുക്കുകയും സമാധാനത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന ഇന്ത്യ. മറുഭാഗത്ത് സോഷ്യലിസം കെട്ടിപ്പടുക്കുന്ന ചൈന. രണ്ടിനുമിടയ്ക്കു സോഷ്യലിസ്റ്റ് രാജ്യത്തിനു ആക്രമണമാവശ്യമില്ല എന്ന ഒരു മാർക്സിസ്റ്റ് തത്വവും!

അപ്പോൾ യഥാർഥത്തിൽ യാതൊരാക്രമണവും ഉണ്ടായിട്ടില്ലെന്നുണ്ടോ? ഉണ്ടായത് വെറും മായയാണെന്നുണ്ടോ?

തലയ്ക്കു ലക്കില്ലാത്തവരേ ആക്രമണമുണ്ടായിട്ടില്ലെന്നു പറയൂ; ഹിമാലയപർവതനിരകളിലൊഴുക്കപ്പെട്ട ചോര മായയാണെന്നു വാദിക്കൂ. 1962 സെപ്തംബർ 8—ന് മുമ്പ് ഇന്ത്യാ-ചൈന അതിർത്തിത്തർക്കത്തിന്റെ യഥാർഥ സ്ഥിതികളെന്തായിരുന്നുവെന്നു മനസ്സിലാക്കാൻ കഴിയാത്തവർക്കുപോലും ഒരു കാര്യം നിഷേധിക്കാനാവില്ല. ഇന്ത്യയുടേതെന്നു ചൈനക്കാർ സമ്മതിച്ച പ്രദേശങ്ങളിലേക്കു അവർ ബലംപ്രയോഗിച്ചു കടന്നുവന്നിട്ടുണ്ട്. എന്തുതന്നെ സംഭവിച്ചാലും ഞങ്ങളൊരിക്കലും മാക്മഹാൻ രേഖയ്ക്കപ്പുറം കടക്കുകയില്ല എന്ന് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയ്ക്കും ലോകത്തിനുതന്നെയും നൽകിയ ഉറപ്പിനെ അവർ ലംഘിച്ചിട്ടുണ്ട്. ഉഗ്ര മൃഗീയമായ പട്ടാളശക്തിയുടെ സഹായത്തോടുകൂടി അവർ ഇന്ത്യൻ മണ്ണിൽ കടന്നുവന്ന് ചോരയൊഴുക്കിയിട്ടുണ്ട്. ഇതു ആക്രമണമല്ലെങ്കിൽ മറ്റെന്താണ്.

ഇതു ആക്രമണമല്ലെന്നും ഇന്ത്യ അങ്ങോട്ടു കടന്നാക്രമിച്ചപ്പോൾ നിവൃത്തിയില്ലാതെ ആത്മരക്ഷയ്ക്കുവേണ്ടി ആയുധമെടുക്കാൻ തങ്ങൾ നിർബന്ധിതരായതാണെന്നും ഏകപക്ഷീയമായിത്തന്നെ വെടിനിർത്തിയതും ദേശങ്ങളിൽ നിന്നും സ്വന്തം ഇഷ്ടത്തോടെ ഒഴിഞ്ഞുപോവുകയും ചെയ്തത് തങ്ങൾക്കു യാതൊരാക്രമണോദ്ദേശ്യവുമില്ലെന്നുള്ളതിനു തെളിവാണെന്നും ചൈനീസ് നേതാക്കന്മാർ വാദിക്കുന്നു. ഇതു വെറും തട്ടിപ്പാണ്. ഏകപക്ഷീയമായ വെടിനിർത്തലിനെപ്പറ്റിയും സ്വന്തം ഇഷ്ടത്തോടുകൂടിയുള്ള ഒഴിഞ്ഞുപോവലിനെപ്പറ്റിയും ശബ്ദായമാനമായ പ്രചാരവേലകൾ ചെയ്തുകൊണ്ടുതന്നെ പുതുതായി വെട്ടിപ്പിടിച്ചെടുത്ത ചില പ്രദേശങ്ങൾ സ്വന്തം അധീനത്തിൽ പിടിച്ചുവയ്ക്കുന്നതിൽ അവർക്കു യാതൊരു മനസ്സാക്ഷിക്കുത്തുമുണ്ടായില്ല. 1962 സെപ്തംബർ 8—നുശേഷം കയ്യേറിപ്പിടിച്ച പ്രദേശങ്ങളിൽ നിന്നെങ്കിലും പിന്മാറിക്കൊണ്ടു സമാധാനപരമായ കൂടിയാലോചനകൾക്കു വഴിയൊരുക്കണമെന്ന ഇന്ത്യയുടെ അഭ്യർത്ഥനയെ തള്ളിക്കളയാൻ അവർക്കു യാതൊരു സങ്കോചവുമുണ്ടായില്ല. ഈ കയ്യേറ്റങ്ങൾക്കു ആക്രമണമെന്നല്ലെങ്കിൽ മറ്റെന്താണു പറയുക?

അപ്പോൾ, ചൈന ഇന്ത്യയെ ആക്രമിക്കുകയും ഇന്ത്യയുടേതായ പ്രദേശങ്ങൾ ബലം പ്രയോഗിച്ചു കയ്യേറിപ്പിടിക്കുകയും ചെയ്തിരിക്കുന്നുവെന്നതു അനിഷേധ്യമായ ഒരു വസ്തുതയാണ്. അങ്ങിനെയാണെങ്കിൽ, ‘സോഷ്യലിസ്റ്റ് രാജ്യത്തിന് ആക്രമണത്തിന്റെ ആവശ്യമില്ല’ എന്ന മാർക്സിസ്റ്റ് തത്വം എവിടെപ്പോയി? ചൈന ഒരു സോഷ്യലിസ്റ്റ് രാജ്യമല്ലെന്നുണ്ടോ?

ചൈന സോഷ്യലിസ്റ്റ് രാജ്യം തന്നെയാണ് എന്നുവെച്ചാൽ, അവിടെ ജന്മിയും മുതലാളിയുമില്ല. ഉൽപാദനോപകരണങ്ങൾ പൊതുവുടമയിലാണ്. എന്നിട്ടും ആ രാജ്യം നമ്മുടെ നേർക്ക് നെറികെട്ട ആക്രണം നടത്തിയിരിക്കുന്നു.

ഇതിന്റെ അർഥം മാർക്സിസം ശരിയല്ലെന്നാണോ? ഒരിക്കലുമല്ല സോഷ്യലിസ്റ്റ് രാജ്യത്തിന് യുദ്ധത്തിന്റെ ആവശ്യമില്ലെന്ന തത്വം ലെനിന്റെ കാലത്തെന്നപോലെതന്നെ ഇന്നും ശരിയാണ്. മറ്റുരാജ്യങ്ങളിൽ മൂലധനം നിക്ഷേപിച്ച് ലാഭമുണ്ടാക്കുകയോ മറ്റു രാജ്യങ്ങളിലെ ജനങ്ങളെ ചൂഷണം ചെയ്യുകയോ ചെയ്യേണ്ട യാതൊരാവശ്യവും ഇന്നു സോഷ്യലിസ്റ്റ് ചൈനയ്ക്കില്ല. അതുകൊണ്ട് ആക്രമണം ഒരാവശ്യമല്ല പക്ഷേ, ആവശ്യമുള്ളതു ചെയ്യാതിരിക്കുകയും ആവശ്യമില്ലാത്തതു ചെയ്യുകയും ചെയ്യുന്ന ഒരു നേതൃത്വമാണ് സോഷ്യലിസ്റ്റ് ചൈനയുടെ തലപ്പത്തിരിക്കുന്നത്. സാമ്പത്തികാടിത്തറമാറിയിട്ടും പുതിയ സംഭവവികാസങ്ങൾക്കനുസൃതമായ നയപരിപാടികൾ ആവിഷ്കരിക്കാൻ അവർക്കു സാധിച്ചിട്ടില്ല. അടിത്തറ സോഷ്യലിസം തന്നെ. പക്ഷേ, തെറ്റായ ധാരണകളുടെ അടിസ്ഥാനത്തിൽ സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ കഴിവുള്ളമനുഷ്യരാണ് ഉപരിഘടനയിലുള്ളത്. അടിത്തറ ഉപരിഘടനയിലെന്നപോലെ തന്നേ ഉപരിഘടന അടിത്തറയിലും സ്വാധീനം ചെലുത്തും. സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയാണടിത്തറ എന്നതുകൊണ്ടുമാത്രം ഒരു രാജ്യത്തിലെ ഗവൺമെൻറോ പാർട്ടിനേതാക്കന്മാരോ ചെയ്യുന്നതെല്ലാം ശരിയായിക്കൊള്ളണമെന്നില്ല. മുതലാളിത്തരാജ്യങ്ങളിലായാലും ശരി സോഷ്യലിസ്റ്റ് രാജ്യങ്ങളിലായാലും ശരി, ജനങ്ങൾക്കു നേതൃത്വം നൽകുന്ന കമ്യൂണിസ്റ്റ് പാർട്ടികളുടെ പ്രവർത്തനങ്ങൾ ശരിയോ തെറ്റോ ആവാം; മാർക്സിസം ലെനിനിസത്തിനനുകൂലമോ എതിരോ ആവാം, മുതലാളിത്തവ്യവസ്ഥിതി തകർക്കപ്പെടുകയും സോഷ്യലിസ്റ്റ് വ്യവസ്ഥിതി നിലവിൽ വരികയും ചെയ്താൽപിന്നെ കമ്യൂണിസ്റ്റു നേതാക്കന്മാരുടെ ചിന്താഗതികളും ആശയങ്ങളും പ്രവർത്തനങ്ങളുമെല്ലാം സ്വയമേവ കുറ്റമറ്റവയായി തീരുമെന്നു കരുതുന്നത് അബദ്ധമാണ്. ഉപരിഘടന എല്ലായ്പ്പോഴും അടിത്തറയുടെ അഭിവൃദ്ധിയ്ക്കു സഹായകരമായിക്കൊള്ളണമെന്നില്ല. നേതൃത്വത്തിന്റെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും മനുഷ്യസമുദായത്തിന്റെ പുരോഗതിയെ ത്വരിതപ്പെടുത്താനെന്നപോലെത്തന്നെ തടഞ്ഞു നിർത്താനും കഴിവുണ്ട്.

## 3 അനുഭവങ്ങൾ

സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനിൽ സ്റ്റാലിന്റെ വ്യക്തിപ്രഭാവസിദ്ധാന്തം വരുത്തിവച്ച കെടുതികളുടെ ദുരന്തഫലങ്ങൾ ഇനിയും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടു കഴിഞ്ഞിട്ടില്ല. അൽവേനിയയിലെ കമ്യൂണിസ്റ്റ് നേതാക്കന്മാർ ഇപ്പോഴും വ്യക്തിപ്രഭാവത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് പാർട്ടിമെമ്പർമാരുടെയും ജനങ്ങളുടെയും ജനാധിപത്യാവകാശങ്ങളെ ചവിട്ടി മെതിച്ചുകൊണ്ടിരിക്കുകയാണ്. ഇത് മാർക്സിസം-ലെനിനിസത്തിന്റെയോ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയുടെയോ കുറ്റമല്ല; നേരെ മറിച്ച്, മാർക്സിസം-ലെനിനിസത്തിന്റെ നിഷേധവും സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ ലംഘനവുമാണ്.

മാറിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളേയും വർഗ്ഗബന്ധങ്ങളിലെ ബലാബലത്തിലുണ്ടാകുന്ന മാറ്റങ്ങളേയും സസൂക്ഷ്മമായി വിശകലനം ചെയ്തു ജനങ്ങളുടെ താൽപര്യങ്ങൾക്കും അഭിവൃദ്ധിക്കും പറ്റിയ നയപരിപാടികളാവിഷ്കരിച്ചു നടപ്പിൽ വരുത്താനുള്ള കഴിവാണ് മാർക്സിസം-ലെനിനിസത്തിന്റെ കാതൽ. ഇതാണ് ചൈനയിലെ കമ്യൂണിസ്റ്റ് നേതാക്കന്മാർക്കു നഷ്ടപ്പെട്ടിരിക്കുന്നത്.

രണ്ടാംലോകമഹായുദ്ധത്തിനു ശേഷമുളവായ പുതിയ കാലഘട്ടത്തിന്റെ സ്വഭാവം മനസ്സിലാക്കാൻ അവർ കൂട്ടാക്കിയില്ല. സോഷ്യലിസം കൂടുതൽ ശക്തിപ്പെടുകയും സാമ്രാജ്യത്വം കൂടുതൽ ക്ഷയിക്കുകയും ചെയ്തിരിക്കുന്നുവെന്നു അവർ കൂടെക്കൂടെ ഉരുവിടുന്നുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ അതേ സമയത്തുതന്നെ, സാമ്രാജ്യത്വത്തിന്റെ സ്വഭാവം മാറിയിട്ടില്ലെന്നും അതുകൊണ്ടു യുദ്ധം അനിവാര്യമാണെന്നും അവർ വാദിക്കുന്നു. സാമ്രാജ്യത്വത്തിന്റെ സ്വഭാവം മാറിയിട്ടില്ലെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ സോഷ്യലിസ്റ്റ് ചേരി ശക്തിപ്പെടുകയും ഏഷ്യയിലെയും ആഫ്രിക്കയിലെയും ഒട്ടനവധി രാജ്യങ്ങൾ സ്വതന്ത്രമായിത്തീരുകയും സമാധാനത്തിന്റെ ശക്തികൾ വളരുകയും ചെയ്തതിന്റെ ഫലമായി സാമ്രാജ്യമേധാവികൾക്ക് ഇഷ്ടംപോലെ യുദ്ധമഴിച്ചുവിടാനുള്ള കഴിവില്ലാതായിരിക്കുന്നു എന്നും ജനങ്ങൾക്ക് യുദ്ധത്തെ തടയാൻ കഴിയുമെന്നുമുള്ള പരമാർത്ഥമംഗീകരിക്കാൻ അവർ കൂട്ടാക്കുന്നില്ല. അതുകൊണ്ടാണവർ കാലഹരണപ്പെട്ടുകഴിഞ്ഞ പഴയ മുദ്രാവാക്യങ്ങളിൽത്തന്നെ പിടിച്ചുതൂങ്ങി നിൽക്കുന്നത്. ഇതിനാണ് 'ഡോഗ്മാറ്റിസ്' എന്നു പറയുന്നത്.

## 4 ആക്രമണത്തിന്റെ അടിയന്തിരകാരണം

ഈ അടിസ്ഥാനപരമായ തെറ്റിൽ നിന്നാണ് ചൈനീസ് നേതാക്കന്മാരുടെ മറ്റനവധി സെക്ടേരിയൻ സിദ്ധാന്തങ്ങളും സെക്ടേരിയൻ പ്രവർത്തനരീതികളും ഉടലെടുത്തിട്ടുള്ളത്.

‘ഡോഗ്മാറ്റിസം’ സങ്കുചിതദേശീയത്വത്തെ സൃഷ്ടിക്കുന്നു. സങ്കുചിതദേശീയത്വത്തിൽ നിന്ന് അഹന്തയും തൻപ്രമാണിത്വവും ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും പൊന്തിവരുന്നു. അങ്ങിനെ, ചുരുക്കിപ്പറഞ്ഞാൽ, മാർക്സിസം-ലെനിനിസത്തിന്റെ എല്ലാ നിലപാടുകളും ഉപേക്ഷിക്കപ്പെടുന്നു.

ഇതാണ് ചൈനീസാക്രമണത്തിന്റെ അടിസ്ഥാനകാരണം.

ചൈന ഇന്ത്യയുമായി മാത്രമല്ല, നേപ്പാൾ, ബർമ്മ, മംഗോളിയ, സോവിയറ്റ് യൂണിയൻ എന്നിങ്ങനെ തൊട്ടുകിടക്കുന്ന മിക്ക അയൽരാജ്യങ്ങളുമായും അതിർത്തി തർക്കങ്ങൾ കുത്തിപ്പൊക്കുകയുണ്ടായി. ആദ്യമായി ആക്രമണമഴിച്ചു വിട്ടത് ഇന്ത്യയ്ക്കെതിരായിട്ടാണെന്നു മാത്രമേയുള്ളൂ. ഇന്ത്യയെപ്പറ്റിയുള്ള തെറ്റായ വിശകലനങ്ങളും തെറ്റായ കണക്കുകൂട്ടലുകളുമാണതിനു കാരണം.

ഇന്ത്യയുടെ ഇന്നത്തെ ഭരണാധികാരികൾ പിന്തിരിപ്പന്മാരായ വൻകിടജന്മികളുടെയും കുത്തകമുതലാളികളുടെയും പ്രതിനിധികളാണെന്നും അവർ സാമ്രാജ്യവാദികളുമായി കൂട്ടുകൂടിയവരാണെന്നും പ്രധാനമന്ത്രി നെഹ്റുവിന്റെ ചേരിചേരാനയവും നിഷ്പക്ഷതയും മറ്റും തനി ഭോഷ്ക്കാണെന്നുമാണ് ചൈനയുടെ അഭിപ്രായം. ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥ തകർന്നുകൊണ്ടിരിക്കുകയാണെന്നും അതിന്റെ അനിവാര്യഫലമായി തൊഴിലാളികളും കൃഷിക്കാരുമുൾപ്പെടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങൾ നെഹ്റു ഗവൺമെൻറിനെതിരായി തിരിഞ്ഞിട്ടുണ്ടെന്നും അവർ വിശ്വസിച്ചിരുന്നു. സഹവർത്തിത്വസിദ്ധാന്തത്തിൽ വിശ്വാസമില്ലാത്തതുകൊണ്ട്, ‘സോഷ്യലിസ്റ്റ്’ ചൈന ‘പിന്തിരിപ്പൻ ബൂർഷ്വാസി’യുടെ നേതൃത്വത്തിലുള്ള ഇന്ത്യയെ ആക്രമിച്ചാൽ ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടി ‘സാർവ്വദേശീയത്വ’ ത്തിന്റെ പേരിൽ സ്വന്തം രാജ്യത്തെ വഞ്ചിച്ച് ചൈനീസ് നടപടികൾക്കു പിന്തുണ നൽകുമെന്നും സോവിയറ്റ് യൂണിയനുൾപ്പെടെയുള്ള മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളെല്ലാം ചൈനയുടെ ഭാഗത്തു ചേരുമെന്നും ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വതന്ത്രരാജ്യങ്ങൾ ഇന്ത്യക്കെതിരായിത്തീരുമെന്നും ചൈനീസ് നേതാക്കന്മാർ, മനപ്പായസമുണ്ടിരുന്നു. ചുരുക്കത്തിൽ, ആക്രമണത്തെ നേരിടാനാവശ്യമായ ശക്തിയും ചൈതന്യവും ഐക്യവും ഇന്ത്യയ്ക്കുണ്ടാവില്ലെന്നാണ് അവർ ധരിച്ചിരുന്നത്.

തെറ്റായ ഈ കണക്കുകൂട്ടലാണ് ചൈനീസാക്രമണത്തിന്റെ അടിയന്തിരകാരണം.

2.2.1963

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014